## COCHIN UNIVERSITY OF SCIENCE AND TECHNOLOGY

## CONFIRMED MINUTES OF THE 589TH MEETING OF THE SYNDICATE (PRIOR TO SENATE) HELD ON 05.09.2012 AT 11.00 A.M. IN THE SYNDICATE HALL OF THE UNIVERSITY

**Members present:**

1. Dr. Ramachandran Thekkedath, Vice-Chancellor (in the Chair)
2. Dr. Godfrey Louis, Pro-Vice-Chancellor
3. Prof. Lopus Mathew
4. Dr. A. Mujeeb
5. Sri. Tony Raphy
6. Dr. K. Sajan
7. Sri. S. Harikumar
8. Dr. K.R. Muraleedharan Nair
9. Dr. K.A. Zakkariya
10. Dr. I.K. Jayadev
11. Sri. Sugunan K., Additional Secretary, Finance Department
12. Sri. Sunny P. Jose
13. Dr. M. Bhasi

**Also present:**

Dr. A. Ramachandran
Registrar

Item No.589.01 Senate meeting fixed on19.09.2012 - Draft answers to the Senate questions – Consideration of – Reg.

The syndicate considered the Draft answers to the Questions of the Senate Meeting fixed on 19.09.2012.

The Syndicate resolved to finalize the answers to the questions in the Senate and the order of priority of the question (by lot) and approved the questions asked by the members of the Senate and answers thereto. **(Appendix-1)**

**REGISTRAR**

## APPENDIX – I

### QUESTIONS ASKED BY THE MEMBERS OF THE SENATE AND ANSWERES THERETO BY THE SYNDICATE

| | | |
|---|---|---|
| എൻ.എൽ. ശിവകുമാർ | | |
| ചോദ്യം - 1 | | കൊച്ചി സർവ്വകലാശാല ആക്ട്/സ്റ്റാറ്റ്യൂട്ട് പ്രകാരം സ്റ്റാറ്റ്യൂട്ടറി അധികാരമുള്ളയാൾക്കാണ് പരീക്ഷാചുമതല നൽകേണ്ടത് എന്നാൽ ഇവിടെ സ്റ്റാറ്റ്യൂട്ടറി അധികാരമില്ലാത്ത Controller of Examinations ആണ് പ്രസ്തുത ചുമതല നൽകിയിരിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? |
| | a) | കുസാറ്റ് ആക്ട്/സ്റ്റാറ്റ്യൂട്ട് പ്രകാരം പരീക്ഷാചുമതല നിർവ്വഹിക്കേണ്ടത് ആരാണ് ? |
| | b) | പ്രസ്തുത സ്റ്റാറ്റ്യൂട്ടറി ഓഫീസർ ആ ചുമതല നിറവേറ്റാത്തത് എന്തുകൊണ്ട് ? |
| ഉത്തരം: | | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ 1999 ലെ സിൻഡിക്കേറ്റ് തീരമാനപ്രകാരം Controller of Examinations ആണ് പരീക്ഷാച്ചുമതലകൾ നൽകിയിരിക്കുന്നത്. |
| | a) | കുസാറ്റ് ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ **II** 1975-1 (**d**) പ്രകാരം Pro-Vice-Chancellor – ക്കാണ് പരീക്ഷാ ചുമതലകൾ ഉള്ളത്. |
| | b) | Pro-Vice-Chancellor – ടെ അധികാരങ്ങൾ പ്രതിനിധാനം ചെയ്തുകൊണ്ട് Controller of Examinations ന്റെ തസ്തിക **Syndicate** സൃഷ്ടിക്കുകയും പരീക്ഷാ ചുമതലകൾ നിയമാനുസൃതം ഏൽപ്പിക്കുകയും ചെയ്തു. |
| ഷമീർ എം. വൈ. | | |
| ചോദ്യം - 2 | | ക്യാമ്പസിന് എന്തുകൊണ്ട് ചുറ്റുമതിൽ കെട്ടുന്നില്ല ? |
| ഉത്തരം: | | ചുറ്റുമതിൽ കെട്ടുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി ടെൻഡറുകൾ വിളിച്ച് ജോലി തുടങ്ങുവാൻ ചെന്നപ്പോൾ ഒക്കെ സമീപവാസികളുടെ ഇടപെടൽ മൂലം ജോലി തുടരുവാൻ സാധിച്ചിട്ടില്ല. കൂടാതെ റീസർവ്വെ കഴിഞ്ഞ പ്പോഴുള്ള സ്ഥലകുറവും, കോടതിയുടെ പരിഗണനയിലാണ്. അതിത്തികൾ സർവ്വേ ഡിപ്പാർട്ടുമെൻറിൽ നിന്നും നിർണ്ണയം കഴിഞ്ഞു കിട്ടിയാൽ മാത്രമേ ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും തടസ്സങ്ങൾ നീക്കി ചുറ്റുമതിൽ കെട്ടുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| | | |

| | | |
|---|---|---|
| **ഡോ. കെ. ഗിരീഷ്കുമാർ** | | |
| ചോദ്യം - 3 | **1.** | അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിലെ റിസർച്ച് ഗൈഡുകൾക്ക് എടുക്കാവുന്ന **Ph.D** വിദ്യാർത്ഥികളുടെ മൊത്തം എണ്ണത്തിൽ എന്തെങ്കിലും നിയന്ത്രണമുണ്ടോ ? |
| | **a)** | മറ്റു സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള ഗവേഷണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം മേൽപ്പറഞ്ഞ മൊത്തം എണ്ണം കണക്കാക്കുമ്പോൾ പരിഗണിക്കപ്പെട്ടിട്ടുണ്ടോ ? |
| | **b)** | ഉണ്ടെങ്കിൽ പരമാവധി എണ്ണത്തിൽ കൂടുതൽ വിദ്യാർത്ഥികൾ ഏതെങ്കിലും ഗൈഡിന്റെ കീഴിൽ ഗവേഷണം നടത്തുന്നുണ്ടോ ? |
| ഉത്തരം: | ഉണ്ട്. 2010 - ലെ കൊച്ചി സർവ്വകലാശാലയുടെ ഗവേഷണ ബിരുദ ചട്ടങ്ങൾ 6-ാം വകുപ്പ് അനുസരിച്ച് " ഒരു ഗവേഷണ ഗൈഡിന് കീഴിൽ ഒരു സമയത്ത് . എട്ടിലധികം ഗവേഷണ വിദ്യാർത്ഥികൾ ഉണ്ടാവാൻ പാടുള്ളതല്ല." | |
| | **a)** | സർവ്വകലാശാലയ്ക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ ഗൈഡിന് കീഴിലുമുള്ള വിദ്യാർത്ഥികളുടെ എണ്ണം പരിശോധിക്കാറുണ്ട്. മറ്റു സർവ്വകലാശാലകളിലേയും ഗവേഷണ സ്ഥാ പനങ്ങളിലേയും ഉൾപ്പെടെ ഒരു ഗൈഡിനു കീഴിലുള്ള മൊത്തം ഗവേഷണ വിദ്യാർത്ഥികളുടെ എണ്ണം ഏതു സമയത്തും പി.എച്ച്.ഡി ചട്ടങ്ങൾ ക്കനുസൃതമായിട്ടായിരിക്കണം എന്ന നിബന്ധനയോടെയാണ് അദ്ധ്യാപകർക്കും ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർക്കും ഗൈഡ് പദവി നൽകുന്നത്. |
| | **b)** | 25.01.2012 ലെ അക്കാദമിക്ക് കൗൺസിൽ തീരുമാനപ്രകാരം 04.08.2011 ന് മുൻപ് അന്ന് നിലവിലുരുന്ന ചട്ടങ്ങൾ പ്രകാരം അതാത് വകുപ്പുകളിൽ താൽക്കാലിക പ്രവേശനം നൽകപ്പെട്ട ഗവേഷണ വിദ്യാർത്ഥികൾക്ക് ഗൈഡിനു കീഴിലിള്ള വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ നിബന്ധന ബാധകമല്ലാതെ തുടരാവുന്നതാണ്. |
| **രാജ്മോഹൻ വി.വി.** | | |
| ചോദ്യം - 4 | | സർവ്വകലാശാലയിലെ കോഴ്സുകൾക്ക് സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ? |
| | **A)** | ഇതിന് അനുപാതികമായി ഹോസറ്റലുകളിൽ സൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ടോ ? |

| | | |
|---|---|---|
| ഉത്തരം: | | എം.ടെക്, എം.എസ്സി, എം.ബി.എ, എൽ.എൽ.ബി എന്നീ കോഴ്സുകൾക്ക് 2012-13 അക്കാദമിക്ക് വർഷം മുതൽ സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട് |
| | A) | ഇല്ല |
| **സുഷോബ്. ഇ.** | | |
| ചോദ്യം - 5 | സർവ്വകലാശാലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? | |
| | A) | ഉണ്ടെങ്കിൽ അതിന് എന്ത് നടപടി കൈകൊണ്ടു ? |
| | B) | ഇല്ലെങ്കിൽ നടപടി കൈ കൊള്ളുമോ ? |
| ഉത്തരം: | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇനിയുള്ള വർക്കുകളിൽ ഈ കാലതാമസം ഉണ്ടാകാതിരിക്കുവാൻ മതിയായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. | |
| | A) | കാലതാമസത്തിനുള്ള കാരണങ്ങൾ യൂണിവേഴ്സിറ്റിക്ക് തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ കോൺട്രാക്റ്ററുടെ പക്കൽ നിന്നും പെനാലിറ്റി പിടിക്കാറുണ്ട്. |
| | B) | ഇനിയുള്ള വർക്കുകളിൽ ഈ കാലതാമസം ഉണ്ടാകാതിരിക്കുവാൻ സിൻഡിക്കേറ്റ് വർക്ക്സ് ഉപ സമിതിയുടെ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| **ജാഫർ വി.കെ** | | |
| ചോദ്യം - 6 | സർവ്വകലാശാലയിലെ പരീക്ഷകളിൽ വിജയശതമാനം കുറയുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? | |
| | (A) | ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണ് മൂല്യ നിർണ്ണയത്തിൽ പിഴവുകൾ സംഭവിച്ചിട്ടുണ്ടോ ? |
| | (B) | ഇത് പരിഹരിക്കാൻ എന്ത് നടപടി കൈകൊണ്ടു ? |
| ഉത്തരം: | സർവ്വകലാശാല നടത്തുന്ന പരീക്ഷകളിൽ വിജയശതമാനം പതിവായി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നിരുന്നാലും ചില അംഗീകൃത സ്ഥാപനങ്ങളിൽ വിജയശതമാനം മികച്ചതല്ല എന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. | |
| | (A) & (B) | മൂല്യനിർണ്ണയത്തിലെ പിഴവുമൂലം സർവ്വകലാശാല നടത്തുന്ന പരീക്ഷകളിലെ വിജയശതമാനം കുറഞ്ഞതായി ശ്രദ്ധയിൽപെട്ടിട്ടില്ല. വിവിധ സ്ഥാപനങ്ങളുടെ വിജയശതമാനത്തിൽ വരുന്ന കുറവിന്റെ കാരണങ്ങൾ ഉചിതമായ തലത്തിൽ വിശദമായി പഠന വിധേയമാക്കുന്നതാണ്. |
| | | |

| | | |
|---|---|---|
| <u>എൻ. എൽ. ശിവകുമാർ</u> | | |
| ചോദ്യം - 7 | | സാമ്പത്തിക ക്രമക്കേടുകൾ നടത്തിയെന്ന് കണ്ടെത്തിയ ഇൻഡസ്ട്രിയൽ ഫിഷറീസ് വിഭാഗം പ്രൊഫസർ ഡോ. ബി. മധുസൂദനക്കുറുപ്പിനെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? നടപടികൾ വിശദീകരിക്കാമോ? |
| | a) | ഡോ. ബി. മധുസൂദനക്കുറിപ്പിന് എതിരായ നടപടികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? |
| | b) | ഉണ്ടെങ്കിൽ അവ ലഭ്യമാക്കാമോ? |
| ഉത്തരം: | | അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| | a) | Deputation ക്യാൻസൽ ചെയ്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. |
| | b) | അച്ചടക്ക നടപടികൾ പൂർത്തിയായിട്ടില്ല.<br>(ചോദ്യം 12ന്റെ ഉത്തരം കൂടി നോക്കുക) |
| <u>ഡോ.എസ്. പ്രതാവൻ</u> | | |
| ചോദ്യം:8 | | 2012-13 അദ്ധ്യയന വർഷത്തിൽ എൻജിനീയറിംഗ് വിഷയങ്ങളൊഴികെ യുള്ള ഓരോ കോഴ്സുകളിലേക്കും എത്ര കുട്ടികൾ വീതം അപേക്ഷിച്ചു? എത്ര പേർക്ക് അഡ്മിഷൻ നൽകി? |
| | a) | ഓരോ കോഴ്സുകളിലും പ്രവേശനം ലഭിച്ചവരുടെ **CAT** റാങ്കുകൾ (ഏറ്റവും ഉയർന്നതും താഴ്ന്നതും) എത്രയാണ്? |
| | b) | **SC/ST** വിഭാഗത്തിൽ നികത്തപ്പെടാതെ വിട്ടിരിക്കുന്ന ഒഴിവുകൾ ഉണ്ടെങ്കിൽ കോഴ്സ് തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ? |
| ഉത്തരം: | | താഴെ **Appendix 1A** ൽ വച്ചിട്ടുണ്ട് |
| ഡോ: കെ. ശ്രീകുമാർ | | |
| ചോദ്യം:9 | | 2012-13 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ഇനത്തിൽ സർവ്വകലാശാലക്ക് ആവശ്യമായി വരുന്ന തുക എത്രയാണ്? |
| | a) | ഇതിൽ സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുമെന്ന് കരുതുന്ന തുക എത്ര? |
| | b) | ആഭ്യന്തര വിഭവസമാഹരണത്തിലൂടെ ലഭിക്കുമെന്ന് കരുത പ്പെടുന്നത് എത്ര തുകയാണ്? വർഷാവസാനം പ്രതീക്ഷിക്കുന്ന തുക എത്ര? |
| ഉത്തരം: | | 2012-13 ലെ പദ്ധതിയേതര ഇനത്തിൽ സർവ്വകലാശാലയ്ക്ക് **111.53** കോടി രൂപ ആവശ്യമുള്ളതായി കണക്കാക്കുന്നു (2012-13ലെ പദ്ധതിയേതര ചെലവ് പ്രതീക്ഷിക്കുന്ന തുക 79.70 കോടി രൂപയും 2012-13 തുടക്കത്തിലെ ധനക്കമ്മിയായ |

| | | |
|---|---|---|
| | 31.82 കോടി രൂപയും ഉൾപ്പെടെ) | |
| | a) | 46 കോടി രൂപ (പദ്ധതിയേതര ഗ്രാന്റിനത്തിൽ അനുവദിച്ചിട്ടുള്ള 36 കോടി രൂപയും സിൻഡിക്കേറ്റിന്റെ പ്രതിനിധി സംഘത്തിന് ബഹു: ധനകാര്യമന്ത്രി ഉറപ്പുനൽകിയ അധികധനസഹായമായ 10 കോടി രൂപയും ഉൾപ്പെടെ) |
| | b) | ആഭ്യന്തര വിഭവസമാഹരണത്തിലൂടെ 22.11 കോടി രൂപ യാണ് 2012-13ൽ ലക്ഷ്യമിടുന്നത്. പുതുക്കി നിശ്ചയിച്ച ഫീസിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തരവരുമാനം 2012-13 വർഷത്തിൽ 30.39 കോടി രൂപയായി വർദ്ധിക്കും എന്നു കണക്കാക്കിയിരിക്കുന്നു. എന്നാൽ ഫീസിനുള്ളിൽ വീണ്ടും കുറവു വരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2012 -13 വർഷാ വസാനം ലഭിക്കാവുന്ന പരമാവധി ആഭ്യന്തരവരുമാനം 27 കോടി രൂപയോളം ആകും എന്നു കരുതുന്നു. |

**വി.ഐ.ബഷീർ**

| | | |
|---|---|---|
| ചോദ്യം:10 | കൊച്ചി സർവ്വകലാശാല അദ്ധ്യാപക ഒഴിവുകളിൽ അപേക്ഷ ക്ഷണിച്ചിരിക്കുന്നത് ഏതെല്ലാം വിഭാഗങ്ങളിലാണ്? | |
| | (a) | അവയിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങളുണ്ടോ? |
| | (b) | ഇനിയും അപേക്ഷ ക്ഷണിക്കാത്ത അദ്ധ്യാപക ഒഴിവുകളിൽ നോട്ടിഫൈ ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ? |
| ഉത്തരം: | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ലക്ചറർ, റീഡർ, പ്രൊഫസർ എന്നീ വിഭാഗങ്ങളിലാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. | |
| a) | ഉണ്ട്. യു.ജി.സി 2010 റെഗുലേഷന്റെ അടിസ്ഥാനത്തിൽ കുസാറ്റ് ആക്റ്റ് 1986 അമെന്റ് ചെയ്യുന്നതിന് വേണ്ടി സിൻഡിക്കേറ്റ് നടപടികൾ സ്വീകരിക്കുകയും അത് ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുമാണ് | |
| b) | സ്വീകരിക്കും | |

**വി.ജി.ശങ്കരൻ**

| | |
|---|---|
| ചോദ്യം:11 | സ്വകാര്യ സ്വാശ്രയ മേഖലയിൽ ഏതൊക്കെ കോളേജുകൾക്കും കോഴ്സുകൾക്കുമാണ് 2012-13 അദ്ധ്യായനവർഷത്തിൽ സർവ്വകലാശാല അംഗീകാരം നൽകിയത്? അതിന്റെ വിശദാംശങ്ങൾ എന്തൊക്കെ? ഇതുവഴി സർവ്വകലാശാലയ്

| | | |
|---|---|---|
| | ക്കുള്ള അധിക സാമ്പത്തിക ബാദ്ധ്യത ഏതൊക്കെ? | |
| ഉത്തരം: | 2012-13 അദ്ധ്യായനവർഷത്തിൽ പുതിയതായി **Bhavans Royal Institution of Management** എന്ന സ്ഥാപനത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. പുതിയതായി കോഴ്സുകൾക്കായി വിവിധ കോളേജുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇവ അംഗീകാരത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. **KVM College of Engineering and Information Technology**-ക്ക് താഴെ പറയുന്ന കോഴ്സുകൾ തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ട്. | |
| | 1) | **B.Tech Mechanical Engineering** |
| | 2) | **B.Tech Civil Engineering** |
| | 3) | **B.Tech Electrical and Electronics Engineering** |
| | 4) | **B.Tech Electronics and Communication Engineering** |
| | 5) | **B.Tech Computer Science and Engineering** |
| | ഇതിലേയ്ക്കായി പ്രത്യക്ഷത്തിൽ സർവ്വകലാശാലയ്ക്ക് അധിക സാമ്പത്തിക ബാദ്ധ്യത ഒന്നും തന്നെയില്ല. പരീക്ഷവിഭാഗത്തിലും മറ്റും കൂടുതൽ ജീവനക്കാരെ ആവശ്യമാണോ എന്ന കാര്യം നിർണ്ണയിക്കപ്പെട്ടിട്ടില്ല. | |

**<u>Dr. K. Sreekumar</u>**

| | | |
|---|---|---|
| Question:12 | **1.** | Under what circumstances did the University decide to initiate steps to terminate the services of Dr. B. Madhusoodana Kurup, former Director, School of Industrial Fisheries? |
| | **(a)** | What were the charges levelled against Dr. Madhusoodana Kurup? |
| | **(b)** | Whether any enquiry was conducted prior to taking the above said decision? If so what were the findings of the enquiry? |
| **Ans:** | **(I)** | Dr. Madhusoodana Kurup while holding the post of Director, School of Industrial Fisheries informed the University as per letter No.SIF/BMK/2010-11/746 dated 26.02.2011 referring to the minutes of the State Cabinet held on 23.02.2011 that he has been appointed as the Vice-chancellor of Kerala University of Fisheries and Ocean Sciences (KUFOS) for a period of five years and requested the University to relieve him on deputation basis by protecting all his service benefits for a period of five years to assume charge with effect from 28.02.2011. But as on 26.02.2011 no appointment order was issued to him by the Government of Kerala. The notification from the Fisheries & Ports (B) Department vide G.O. (P) No.22/2011/F&PD dated 28.02.2011 appointing him, the first Vice-Chancellor of KUFOS was published in extraordinary gazette No.487 only on 01.03.2011. In the said order the Government |

| | | |
|---|---|---|
| | | has never requested the University to relieve him on deputation. Thus he has misled the University by his letter dated 26.02.2011 by requesting the University to relieve him on deputation when no such condition has been prescribed in the appointment order issued by the Government. Moreover he has failed to comply with the rules and procedure for relieving an employee from the University Service Viz. |
| | **(a)** | He has to apply through proper channel. |
| | **(b)** | He has to obtain No Objection Certificate(NOC) for accepting foreign employment outside the University Service producing the Original Official Appointment Order |
| | **(c)** | Syndicate is the authority to grant NOC |
| **(ii)** | He has left the university before any formal order was issued by the University, by signing a CTC on forenoon of 1st March 2011 quoting order No.Ad.D2/66/92 (Vol.IV) dated 28.02.2011, as the order under which charge was handed over. But actually no suh order was issued by the University. Thus he has handed over charge on the basis of a non-existent order. Actually a University order has been issued only on 27.06.2011 according sanction to him for deputation as Vice-Chanellor for a period from 01.03.2011 to 30.04.2015. | |
| **(iii)** | He has left the University without clearing liabilities and adjusting the advances availed by him for various purposes. He has committed grave financial irregularities and misappropriated public money violating the Kerala Financial Code. He is also found to have committed unauthorized air journeys without obtaining Government orders, committed irregularities in the hiring of vehicles, deposited faculty exchange programme fund (PASSA) in his personal account and committed irregularities and delay in adjusting advances. | |
| **(iv)** | The above facts emerged after enquiry by the Finance Inspection Wing of the Kerala Government and also the sub committee of the Syndicate which further enquired the matter on receipt of the report of the Finance Inspection Wing of the Government of Kerala | |
| **(v)** | When the Liabilities and irregularities committed by him was placed before the Syndicate of the University on 15.03.2012, the Syndicate cancelled the ratification of action taken by the Vice-Chancellor taken by the Syndicate on28.12.2011. Later the Syndicate at its meeting held on 29.03.2012 resolved to accept the report of the Sub Committee appointed by the Syndicate at its meeting held on 27.02.2012 and resolved to implement the recommendtions contained in the report of the Sub Committee. Accordingly an order dated 29.03.2012 was issued cancelling the deputation granted to him and reverting him back to the parent Department. The order dated 29.03.2012 was communicated to him. Again vide letter No. Ad.D3/66/92 dated 07.05.2012 he was requested to comply | |

| | | |
|---|---|---|
| | with the decision of the Syndicate held on 29.03.2012 communicated to him vide order dated 29.03.2012. Still he refused to join back the parent Department thereby clearly refusing to carry out the decision of the Syndicate. This forced the Syndicate to initiate steps for terminating his Service in the University as decided by the meeting of the Syndicate held on 23.06.2012. | |
| | (a) | The Memo of Charges and Statement of Allegations are issued against him for implementing the decision of the Syndicate held on 23.06.2012. |
| | (b) | As already mentioned the enquiry has been conducted by the Finance Inspection Wing of the Government of Kerala and the Sub Committee of the Syndicate constituted as per decision of the Syndicate taken on 27.02.2012. The finding of the two Enquiry are as follows: |
| 1) | **Enquiry by Sub Committee of Syndicate** | |
| | 1) | Dr. Madhusoodhana Kurup has not only violated Financial Code in drawing huge advances from the University for various purposes including projects but also aid not bother to settle the accounts before being relieved from Cochin University of Science and Technology |
| | 2) | He has utilized PASSA Project fund for unknown purposes and diverted fund for his personal use. |
| | 3) | He has not accounted the interest accrued while settling the advances. |
| | 4) | He has applied for relieving from University service on deputation on 26th February even before the G.O. was issued by the Government. |
| | 5) | He has left the University without settling the liabilities and obntaining the Non Liability Certificate from the University. |
| | 6) | Even now his liability has not been fully assessed or settled. |
| | 7) | Syndicate is the relieving authority of Dr. B. Madhusoodhana Kurup, and the Syndicate has not relieved him on deputation to assume the charge of Vice-Chancellor, Kerala University of Fisheries and Ocean Sciences. |
| | 8) | The deputation granted by the Vice-Chancellor subject to the approval of the Syndicate was cncelled by the Syndicate meeting (580th) held on 15.03.2012. |
| 2) | **Enquiry by Finance Inspection Wing**: | |
| | 1) | Dr. B. Madhusoodhana Kurup has committed grave irregularities and misappropriated public money. Hence Administrative Department may take steps to cancel the deputation of Dr. B. Madhusooodhana Kurup with immediate effect. |
| | 2) | Dr. B. Madhusoodhana Kurup has violated Government orders and Syndicate decision as detailed in pre paras of the report. Administrative Department may take stringent |

| | | |
|---|---|---|
| | | disciplinary action against him and also take urgent steps to recover the pending advance of Rs.129,45,694/- from Dr. B. Madhusoodhana Kurup with interest @ 18% per annum. |
| | 3) | The interest accrued on FP7 Marie curie IRSES PASSA account @ 19.5% per annum offered by the bank may be recovered from Dr. B. Madhusoodhana Kurup. |
| | 4) | The Registrar, Sri. Chandramohanakumar and Vice-Chancellor, Cochin University of Science and Technology relieved Dr. B. Madhusoodana Kurup from the duties of Director, School of Industrial Fisheries without settling huge advances and without formal orders from University, Cochin University of Science and Technology issued relieving order of Dr. B. Madhusoodana Kurup only on 27.06.2011 (Order No. Ad.D3/66/92 (ii) Vol. IV dated 27.06.2011). Administrtive Department may initiate stringent disciplinary action against the Registrar, Sri. Chandramohanakumar and Vice-Chancellor, Cochin University of Science and Technology. |
| | 5) | Administrative Department may also take steps to recover the amount encashed towards hiring of vehile from Dr. B. madhusoodana Kurup as detailed in para 19. d |
| | 6) | The unauthorized Air Journey of the then Director, School of Industrial Fisheries Dr. B. Madhusoodana Kurup calls for stringent disciplinary action along with the Registrar, Cochin University of science and Technology. |
| <u>വി.വൈ.ബഷീർ</u> | | |
| ചോദ്യം:13 | സ്ഥിരം അദ്ധ്യാപകരെ ഒഴിവാക്കി. കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരെ ഉത്തരക്കടലാസ്സ് മൂല്യനിർണ്ണയത്തിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | |
| | a. | **Contract** അദ്ധ്യാപകർക്ക് റിവാല്യൂവേഷന് പേപ്പറുകൾ അയക്കാറുണ്ടോ ? |
| | b. | കുസാറ്റ് പരീക്ഷ നിയമമ്നുസരിച്ച് താത്ക്കാലിക അദ്ധ്യാപകർ ഇത്തരം ജോലികൾ ചെയ്യാൻ അർഹരാണോ ? |
| ഉത്തരം: | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട യോഗ്യതയുള്ള അദ്ധ്യാപകർക്ക് പരീക്ഷാ സംബന്ധമായ ചുമതലകൾ അത്യാവശ്യ സന്ദർഭങ്ങളിൽ നൽകാറുണ്ട്. | |
| | a. | അത്യാവശ്യ സന്ദർഭങ്ങളിൽ യോഗ്യതയുള്ള കോൺക്രാറ്റ് അദ്ധ്യാപകർക്കും ഉത്തരക്കടലുസുകൾ റീവാല്യായേഷനു വേണ്ടി അയക്കാറുണ്ട്. |
| | b. | മൂന്ന് വർഷം അദ്ധ്യാപന പരിചയമുള്ള അദ്ധ്യാപകർ പരീക്ഷാ സംബന്ധമായ ജോലികൾ ചെയ്യുവാൻ നിലവിലുള്ള പരീക്ഷാ ഓർഡിനൻസ് പ്രകാരം അർഹരാണ്. |

| | |
|---|---|
| | സ്ഥിരം അദ്ധ്യാപകരെന്നോ, കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരെന്നോ നിയമത്തിൽ പ്രത്യേകമായി നിർവ്വചിച്ചിട്ടില്ല. മാത്രവുമല്ല, സർവ്വകലാശാലക്കു കീഴിലുള്ള കോളേജുകളിലും, മറ്റു അംഗീകൃത സ്ഥാപനങ്ങളിലും സ്ഥിരം അദ്ധ്യാപകരുടെ കുറവ്, പരീക്ഷാ ജോലികൾ കരാർ അടിസ്ഥാനത്തിലും നിയമിക്കപ്പെട്ടവർക്കു നൽകുന്ന തിനായുള്ള സാഹചര്യം ഉണ്ടാക്കുന്നുണ്ട്. |
| **അൻസാർ എം.എസ്.** | |
| ചോദ്യം:14 | ശമ്പളപരിഷ്കരണം മൂലം ക്ലാസ്സ്ഫോർ തസ്തികയിൽ നിന്ന് പ്രമോഷൻ നല്കുന്ന ലാബ് അസിസ്റ്റന്റ്, ലാബ് അറ്റൻഡർ, ലൈബ്രറി അസിസ്റ്റന്റ് തസ്തികകൾക്ക് വ്യത്യസ്ത ശമ്പള സ്കെയിലുകൾ വന്നത് യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ? ഈ അനോമലി പരിഹരിക്കാൻ എന്തൊക്കെ നടപടി കൾ സ്വീകരിച്ചു ? ഗവൺമെന്റും യൂണിവേഴ്സിറ്റിയും പ്രസ്തുത വിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ കോപ്പി ലഭ്യമാക്കുക. |
| ഉത്തരം: | ശമ്പളപരിഷ്ക്കരണം മൂലം ക്ലാസ്സ്ഫോർ തസ്തികയിൽ നിന്ന് പ്രമോഷൻ നല്കിയ ലാബ് അസിസ്റ്റന്റ്, ലാബ് അറ്റൻഡർ, ലൈബ്രറി അസിസ്റ്റന്റ് തസ്തികകൾക്ക് വ്യത്യസ്ത ശമ്പളസ്കെയി ലുകൾ വന്നത് യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി അപാകതകൾ സംശയനിവാരണത്തിനും ഉചിത തുടർ നടപടിക ൾക്കുമായി സർക്കാരിലേക്ക് അയച്ചിട്ടുണ്ട്. ടി കത്തുകളുടെ കോപ്പി ഇതോടൊപ്പം ചേർത്തിരിക്കുന്നു.<br><br>**Appendix 1B** കാണുക |
| **ഡോ. ശശിഗോപാലൻ** | |
| ചോദ്യം:15 | കൊച്ചിൻ യൂണിവേഴ്സിറ്റിയും പരിസരവും മാലിന്യങ്ങൾ കൊണ്ട് ചീഞ്ഞുനാറുകയാണ്. ചാക്കുകളിലും പ്ലാസ്റ്റിക്കു ബാഗുകളിലും നിറച്ചാണ് ഇവിടെ മാലിന്യങ്ങൾ വലിച്ചെറി യുന്നത്. ഇങ്ങനെ മാലിന്യങ്ങൾ വലിച്ചെറിയുന്നവരെ കണ്ടെത്തി നിയമത്തിനു മുൻപിൽ കൊണ്ടുവരുവാനുള്ള നടപടി എടുക്കുമോ ? |
| ഉപ ചോദ്യം: | കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ഹോസ്റ്റലുകളിൽ ചിലവു കുറഞ്ഞ മാർഗ്ഗത്തിലൂടെ Biogas Plantകൾ സ്ഥാപിക്കാനുള്ള നടപടിയെടുക്കുമോ? |
| ഉത്തരം: | യൂണിവേഴ്സിറ്റി കാമ്പസിൽ മാലിന്യം തള്ളുന്നത്പ്രധാനമായും |

| | |
|---|---|
| | ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്ന സ്ഥലത്തും ഗസ്റ്റ് ഹൗസിൻെറ പിൻഭാഗത്ത് പൈപ്പ്ലൈൻ റോഡിൻെറ വശങ്ങളിലുമാണ്. ഇത് തടയുന്നതിന് സെക്യൂരിറ്റി വിഭാഗത്തൻെറ കഠിനമായ പരിശ്രമം നടത്തുന്നുണ്ടെങ്കിലും ഇത് ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. പ്രധാനമായും ബൈക്ക് യാത്രക്കാരും, മിനി ടെമ്പോ വാഹനങ്ങളിലുമാണ് മാലിന്യം കൊണ്ടുവരുന്നത്. പലപ്പോഴും ഇത്തരക്കാരെ പിടികൂടി പോലീസിൽ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| | ഓരോ ലേഡീസ് ഹോസ്റ്റലിലും ചിലവുകുറഞ്ഞരീതിയൽ Biogas Plant സ്ഥാപിക്കുവാനുള്ള നടപടികൾ തത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. Siberia, Sarovar,. B.Tech Mens Hostels എന്നിവയ്ക്കുവേണ്ടി sewage treatment plant, Sidco യുടെ Consultancy യോടുകൂടിയുള്ള Tender നടപടികൾ ആരംഭിച്ചുട്ടുണ്ട്. |

**കെ.കെ. കബീർ**

| | | |
|---|---|---|
| ചോദ്യം:16 | കേരള എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ സൊസൈറ്റി നൽകുന്ന സർട്ടിഫിക്കറ്റുകൾ കൊച്ചിസർവ്വകലാശാല അംഗീകരിച്ചിട്ടുണ്ടോ ? | |
| | a) | പ്രസ്തുത സൊസൈറ്റി നടത്തുന്ന ഏതെല്ലാം കോഴ്സുകൾക്ക് കുസാറ്റ് അംഗീകാരം നൽകിയിട്ടുണ്ട് ? |
| | b) | പ്രസ്തുത സർട്ടിഫിക്കറ്റുകൾപ്രകാരം കൊച്ചി യൂണിവേഴ്സിറ്റിയിലെ ഏതൊക്കെ തസ്തികകളിലേക്ക് നിയമനത്തിനും, പ്രമോഷനുകൾക്കുമായി അപേക്ഷിക്കാം ? |
| ഉത്തരം: | കേരള സർക്കാരിനു കീഴിലുള്ള **Directorate of Technical Education** അംഗീകരിച്ച **Dipolma** സർട്ടിഫിക്കറ്റുകൾ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ട്. | |
| | a) | ഇല്ല |
| | b) | **DTE** അംഗീകാരമില്ലാത്ത സർട്ടിഫിക്കറ്റുകൾ പ്രകാരം യോഗ്യതയില്ല |

**ഡോ.ശശി ഗോപാലൻ**

| | |
|---|---|
| ചോദ്യം:17 | സംവരണ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ **CAT Application register** ചെയ്യുമ്പോൾ താഴെ പറയുന്ന **option** നുകളിൽ അവ്യക്തത നില നിൽക്കുന്നു. |
| i) | **KSC (Kerala State Scheduled Caste)/NSC (National Scheduled Caste)** |
| ii) | **Payment seat/Non payment seat**<br>ഇവ തെറ്റായി **opt** ചെയ്യുന്നതു മൂലം **CAT** റാങ്കിങ്ങിൽ പിന്നോക്കം പോവുകയും അഡ്മിഷൻ വരെ ലഭിക്കാത്ത |

| | |
|---|---|
| | സാഹചര്യവുമുണ്ടാകുന്നു. ഈ **items modify** ചെയ്യാനുള്ള നടപടിയെടുക്കുമോ ? |
| **ഉത്തരം:** | |
| **i)** | **KSC/NSC or Free/Payment** ഇവ തെറ്റായി രേഖപ്പെടുത്തുന്നതു മൂലം **CAT** റാങ്കിങ്ങിനെ ബാധിക്കുന്നില്ല. പക്ഷേ ഓപ്ഷൻ നൽകാൻ സാധിക്കാത്തതു മൂലം അഡ്മിഷനെ ബാധിക്കും. പ്രോസ്പെക്ടസിൽ വളരെ വിശദമായി വിവരിച്ചിരിക്കുന്ന കാര്യം വിദ്യാർത്ഥികളുടെ ശ്രദ്ധയിൽ വരാത്തതിനാലാണ് ഈ തെറ്റ് സംഭവിക്കുന്നത്. വരും വർഷങ്ങളിൽ ടി വിഷയത്തിൽ കൂടുതൽ വ്യക്തത (ആപ്ലിക്കേഷൻ ഫോമിൽ തന്നെ) വരുത്താൻ ശ്രദ്ധിക്കുന്നതാണ്. |
| **ii)** | **Payment seat/Non payment options** വിദ്യാർത്ഥികൾ അവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ തന്നെ ചെയ്യുന്ന കാര്യമായതിനാൽ അഡ്മിഷൻ തുടങ്ങിയശേഷം ടി കാര്യത്തിൽ മാറ്റം വരുത്തുന്നത് അഡ്മിഷൻ പ്രൊസസിനെ ദോഷകരമായി ബാധിക്കും. എങ്കിലും ഇത്തവണ അഡിമിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് താൽപര്യമില്ലാത്ത **Higher Options** ഒരു തവണ മാത്രം നീക്കം ചെയ്യുന്നതിനുള്ള അനുവാദം നൽകിയിരുന്നു. ഭാവിയിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| **<u>Dr. Radhakrishnana Panicker M.R.</u>** | |
| **Question: 18** | **What is the purpose of non plan fund in the University? Please provide the details of non plan fund received from the Government of Kerala for the last 5 years ?<br>Is the fund received was sufficient or not in the respective years ?<br>If it was insufficient, how it was managed and from which fund?** |
| **Answer:** | **The purpose of non-plan funds is to cater to the routine operational expenses of the University, unlike plan-funds which are meant mainly cater to the infrastructural development requirements. Staff salaries and pensionary expenses consitute bulk of the non-plan expenditure (about 75%). Other major non-plan expenses include-conduct of examinations and related activities; travel and allowances – both staff and members of various University bodies; water charges; electricity charges; annual audit charges: purchase of chemicals, glasswares, consumables etc. for academic departments: University Scholarships and Fellowships for students; wages to casual labour; postage; communication expenses; printing and stationery, fuel charges, conduct of elections etc.**<br>**<u>Details of Non-Plan funds received from the Government</u>** |

| | | |
|---|---|---|
| | **of Kerala for the last 5 years:**<br>**Year** — **Grant received (₹ in lakhs)**<br>**2007-08** — **1835.89**<br>**2008-09** — **1927.00**<br>**2009-10** — **1927.00**<br>**2010-11** — **2438.00**<br>**2011-12** — **2925.60**<br>**2012-13** — **4600.00 (anticipated)**<br>**Sufficiency of non-plan funds:**<br>**Non-plan funds received were sufficient till the year 2009-10 and insufficient thereafter.**<br>**Insufficiency of non-plan funds – how managed:**<br>**Insufficiency of non-plan funds are being managed by temporarily diverting funds from other sources like – plan funds Provident Funds and the self-financing sector.** | |
| **ഹരിലാൽ** | | |
| ചോദ്യം:19 | കൊച്ചി സർവ്വകലാശാല പുതിയ കേന്ദ്രങ്ങൾ തുടങ്ങുവാൻ തീരുമാനമുണ്ടോ? പ്രസ്തുത പ്രാദേശിക കേന്ദ്രങ്ങളിൽ ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടികൾ എടുത്തിട്ടുണ്ടോ? | |
| ഉത്തരം: | പുതിയ കേന്ദ്രങ്ങൾ തുടങ്ങുവാനുള്ള തീരുമാനം തത്വത്തിൽ സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുണ്ട്. പുതിയ തസ്തികകൾ ആവശ്യമെങ്കിൽ സിൻഡിക്കേറ്റ് പരിഗണിക്കുന്നതാണ്. | |
| **ഹരിലാൽ** | | |
| ചോദ്യം:20 | സർവ്വകലാശാലയുടെ സാമ്പത്തികസ്ഥിതി പരിഹരിക്കുന്നതിലേക്ക് എന്തെല്ലാം നടപടികൾ കൈകൊണ്ടു? | |
| | **A** | ഇതിനായി കൂടുതൽ ഫണ്ട് ലഭിക്കുന്നതിന് സർക്കാരിനെ സമീപിച്ചിട്ടുണ്ടോ? |
| | **B** | ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ? |
| ഉത്തരം: | അധിക പദ്ധതിയേതര ധനസഹായത്തിനായി സർവ്വകലാശാല, ബഹുമാനപ്പെട്ട ഗവൺമെന്റിലേക്ക് ധനാഭ്യാർത്ഥനകളും റിപ്പോർട്ടുകളും സമർപ്പിച്ചിട്ടുള്ളതാകുന്നു. ബഹുമാനപ്പെട്ട വൈസ് ചാൻസലർ ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉന്നത | |

| | | |
|---|---|---|
| | ഉദ്യോഗസ്ഥർക്ക് ധനാഭ്യർത്ഥനകൾ നൽകിയിട്ടുള്ളതാകുന്നു. | |
| | A | ഉണ്ട്. |
| | B | സിൻഡിക്കേറ്റ് മെമ്പർമാരും (MLA- മാരടക്കം) സർവ്വകലാശാലയിലെ ഉന്നതോദ്യോഗസ്ഥരും (വൈസ് ചാൻസലർ, പ്രോവൈസ് ചാൻസലർ, രജിസ്ട്രാർ ഫിനാൻസ് ഓഫീസർ) അടങ്ങുന്ന പ്രതിനിധിസംഘം മുഖ്യമന്ത്രിയേയും ബന്ധപ്പെട്ട വകുപ്പു മന്ത്രിമാരേയും ഉന്നത ഉദ്യോഗസ്ഥരേയും രണ്ടു തവണ നേരിൽ സന്ദർശിച്ച്, അധിക പദ്ധതിയേതര ധനസഹായത്തിനുള്ള നിവേദനങ്ങൾ സമർപ്പിച്ചിട്ടുള്ളതാകുന്നു. തൽഫലമായി 10 കോടി രൂപ പദ്ധതിയേതര ഇനത്തിൽ 2012-13 സാമ്പത്തിക വർഷം കൊച്ചി സർവ്വകലാ ശാലയ്ക്ക് അധിക ധനസഹായമായി അനുവദിക്കാമെന്ന് ബഹു: ധനകാര്യ മന്ത്രി, നിവേദകസംഘത്തിന് ഉറപ്പുനൽകിയിട്ടുണ്ട്. |
| **രാജ്മോഹൻ വി.വി.** | | |
| ചോദ്യം:21 | **CUSAT** ന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി വ്യക്തമാക്കുക? | |
| | a) | ഇത് പരിഹരിക്കുന്നതിനാണോ ഈയിടെ വിദ്യാർത്ഥികളുടെ ഫീസ് കുത്തനെ വർദ്ധിപ്പിച്ചത് ? |
| | b) | ഇത് വഴി സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരമാകുമോ? |
| ഉത്തരം: | കൊച്ചി സർവ്വകലാശാലയ്ക്ക് 2012-13 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ 31.82 കോടി രൂപയുടെ പദ്ധതിയേതര ധനക്കമ്മി ഉണ്ടായിരുന്നു. 2010 മാർച്ചു മുതൽ നടപ്പിലാക്കിയിട്ടുള്ള യു.ജി.സി. ശമ്പളപരിഷ്കരണവും 2011ൽ നടപ്പിലാക്കിയ സംസ്ഥാന സർക്കാരിന്റെ ശമ്പള-പെൻഷൻ പരിഷ്കരണങ്ങളും സമയബന്ധിതമായി നടപ്പിലാക്കുക വഴി, സർവ്വകലാശാലയുടെ പദ്ധതി യേതരചെലവുകളിൽ ഭീമമായ വർദ്ധനവുണ്ടാവുകയും പ്രസ്തുത ധനക്കമ്മി സംജാതമാകുകയും ചെയ്തു. സർവ്വകലാശാല നിരവധി തവണ, അധിക പദ്ധതിയേതര ധനസഹായത്തിന് അഭ്യർത്ഥനകൾ സമർപ്പിച്ചുവെങ്കിലും സർക്കാരിൽ നിന്നും അധിക ധനസഹായം ലഭിച്ചില്ല. വർഷം തോറും അനുവദിച്ചു പോരുന്ന പദ്ധതിയേതര ഗ്രാന്റിൽ നാമമാത്രമായ വർദ്ധനവു മാത്രമാണ് തുടർന്നുള്ള വർഷങ്ങളിൽ അനുവദിച്ചു പോരുന്നത്. 2012-13- ൽ കേവലം 36 കോടി രൂപയാണ്. (മുൻവർഷത്തെക്കാൾ കേവലം 23% കൂടുതൽ) അനുവദിച്ചിട്ടു ള്ളത്. 2012-13 വർഷത്തിന്റെ തുടക്കത്തിലെ പദ്ധതിയേതര ധനക്കമ്മിറ്റിയായ 31.82 കോടി രൂപയും പ്രതീക്ഷിത ആഭ്യന്തരവരുമാനമായ 22 കോടി രൂപയും,പദ്ധതിയേതര ചെലവിനത്തിൽ പ്രതീക്ഷിക്കുന്ന 79.70 കോടി രൂപയുംപ്രകാരം, 2012-13 വർഷം | |

| | | |
|---|---|---|
| | അവസാനിക്കുമ്പോൾ ഏകദേശം 53.52 കോടി രൂപയുടെ പദ്ധതിയേതര ധനക്കമ്മി പ്രതീക്ഷിക്കുന്നു. പദ്ധതിയേതര ചെലവുകളുടെ 80 ശത മാനവും, ആവശ്യചെലവു കളായ ശമ്പളം, പെൻഷൻ, വൈദ്യുതിചാർജ്ജ്, വെള്ളക്കരം തുടങ്ങിയ ചെലവുകളാണ്. ഫീസ് നിരക്കുകൾ പുതുക്കി നിശ്ചയിച്ചപ്രകാരം ആഭ്യന്തര വരുമാനം 30.39 കോടി രൂപയായി വർദ്ധിക്കുമെന്നും തദനുസൃതമായി ധനക്കമ്മി 45.12 കോടി രൂപയായി കുറയുമെന്നും പ്രതീക്ഷിച്ചിരുന്നു. എന്നാൽ പുതുക്കി നിശ്ചയിച്ച ഫീസുകൾ വീണ്ടും കുറയ്ക്കുവാനിടയായ സാഹചര്യത്തിൽ, ആഭ്യന്തരവരുമാനം ഏകദേശം 27 കോടിയായി കുറയാനാണ് സാദ്ധ്യത ഇതനുസരിച്ച് ധനക്കമ്മി 45.12 കോടിയിൽ നിന്നും വീണ്ടും വർദ്ധിക്കും എന്നു കരുതുന്നു. പദ്ധതി യേതര ഗ്രാന്റായ 36 കോടിക്ക് പുറമെ, സിൻഡിക്കേറ്റിന്റെ പ്രതിനിധി സംഘത്തിന് ബഹു: ധനകാര്യമന്ത്രി, അധിക പദ്ധതിയേതര ധനസഹായം ഇനത്തിൽ 10 കോടിരൂപ അനുവദിക്കാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. എങ്കിലും 2012-13 വർഷത്തെ ധനക്കമ്മി പരിഹരിക്കുന്നതിന് ഈ അധിക ധനസഹായം പര്യാപ്തമല്ല. 2012-13 വർഷത്തേയ്ക്ക് കുറഞ്ഞത് 38.52 കോടി രൂപ യെങ്കിലും അധിക പദ്ധതിയേതര ധനസഹായം ലഭിച്ചെങ്കിൽ മാത്രമേ, വർഷാന്ത്യ ധനക്കമ്മി ഒഴിവാക്കുന്നതിന് സാധിക്കുകയുള്ളൂ. | |
| | a) | ഇതിനുംകൂടിയുള്ള പരിഹാരമായിട്ടാണ് ഫീസ് വർദ്ധന നടപ്പാക്കിയത്. |
| | b) | ഇതുവഴി സാമ്പത്തികപ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് സാധിക്കും. |
| **സുരേഷ് ഇ.** | | |
| ചോദ്യം:22 | പുതുതായി സർവ്വകലാശാലയുടെ കീഴിൽ പ്രാദേശിക കേന്ദ്രങ്ങൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ? | |
| | a) | ഉണ്ടെങ്കിൽ, അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? |
| | b) | ഇതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ അടക്കമുള്ള കാര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടോ ? |
| ഉത്തരം: | | സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്. |
| | a) | തീരുമാനം എടുത്തിട്ടുണ്ട്. |
| | b) | പശ്ചാത്തലസൗകര്യങ്ങൾ അടക്കമുള്ള കാര്യങ്ങൾ ഉറപ്പുവരുത്തിയതിനുശേഷമേ അന്തിമതീരുമാനം കൈക്കൊള്ളുകയുള്ളൂ. |
| **അൻസാർ എം.എസ്.** | | |